**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 92** **14-03-2022 - ൽ മറുപടിയ്ക്ക്**

**ഇതര സംസ്ഥാന തൊഴിലാളികളുടെ വിവര ശേഖരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ഡോ സുജിത് വിജയൻപിള്ള | | null<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിവിധ തൊഴിലിടങ്ങളിൽ ജോലി ചെയ്ത് വരുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ എണ്ണം സംബന്ധിച്ച വിശദാംശം ലഭ്യമാണോ; എങ്കിൽ വ്യക്തമാക്കുമോ; | (എ) | ഇതര സംസ്ഥാന തൊഴിലാളികളുടെ വിവര ശേഖരണവും രജിസ്ട്രേഷനും തിരിച്ചറിയൽ കാർഡും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ടുകൊണ്ടുള്ള ആവാസ് പദ്ധതി മുഖേന അതിഥി തൊഴിലാളികളുടെ രജിസ്ട്രേഷൻ നടന്നു വരുന്നുണ്ട്. 07/03/2022 വരെ അഞ്ച് ലക്ഷത്തി പതിമൂവായിരത്തി മുന്നൂറ്റി അമ്പത്തിയൊമ്പത് (5,13,359) തൊഴിലാളികളെ രജിസ്റ്റർ ചെയ്ത് ആവാസ് കാർഡ് വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി പ്രകാരം അമ്പത്തിയെട്ടായിരത്തി എണ്ണൂറ്റി എൺപത്തിയെട്ട് (58,888) തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | ഇതര സംസ്ഥാനങ്ങളിൽ നിന്നും തൊഴിലാളികളെന്ന വ്യാജേന കൊടും കുറ്റവാളികൾ വ്യാജ തിരിച്ചറിയൽ കാർഡുമായി സംസ്ഥാനത്ത് എത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാന ആഭ്യന്തര വകുപ്പ് നൽകിയ വിവരങ്ങൾ അനുസരിച്ച് ആലപ്പുഴ ജില്ലയിലും കാസർഗോഡ് ജില്ലയിലുമായി മൂന്ന് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെ വെൺമണി പോലീസ് സ്റ്റേഷനിൽ ഇതു സംബന്ധിച്ച് ക്രൈം നമ്പർ 1069/2019, 1075/2019 എന്നീ രണ്ട് കേസുകളും കാസർഗോഡ് ജില്ലയിലെ ചന്തേര പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 683/2021 ആയി ഒരു കേസും രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) | ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണത്തിനും മറ്റുമായി തൊഴിൽ വകുപ്പ് പ്രഖ്യാപിച്ച അതിഥി ആപ്പ് സജ്ജമായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; ഇതിന്റെ ചുമതല ആർക്കാണ് നൽകിയിരിക്കുന്നതെന്ന് അറിയിക്കുമോ; | (സി) | അതിഥി തൊഴിലാളികളുടെ വിവരശേഖരണത്തിനും അതിഥി തൊഴിലാളികൾക്ക് സർക്കാരിൽ നിന്നുള്ള വിവിധ ക്ഷേമ ആനുകൂല്യങ്ങൾ നൽകുന്നതിനുമായി ഇവരുടെ പേരും മേൽവിലാസവും അടങ്ങുന്ന പൂർണ്ണ വിവരങ്ങൾ അതിഥി തൊഴിലാളികൾ സംസ്ഥാനത്ത് തൊഴിൽ തേടി എത്തുന്ന അവസരത്തിൽ തന്നെ ശേഖരിക്കുന്നതിനായി ഒരു മൊബൈൽ ആപ്ലിക്കേഷൻ തൊഴിൽ വകുപ്പ് വികസിപ്പിച്ചു കൊണ്ടിരിക്കുകയാണ്. ഈ ആപ്പിന്റെ |

| | | | |
|---|---|---|---|
| | | | വികസനത്തിനായി എൻ.ഐ.സി.യെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ഇതിന്റെ ഭാഗമായിട്ടുള്ള വെബ് പോർട്ടലിന്റെ വികസനം എൻ.ഐ.സി. പൂർത്തിയാക്കിയിട്ടുണ്ട്. മൊബൈൽ ആപ്പിന്റെ പ്രവർത്തനം അടിയന്തിരമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ തൊഴിൽ വകുപ്പ് സ്വീകരിച്ചു വരികയാണ്. |
| (ഡി) | ഇതര സംസ്ഥാന തൊഴിലാളികൾക്ക് ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള ആവാസ് പദ്ധതിയുടെ വിവര ശേഖരണം പൂർത്തിയായിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണവും രജിസ്ട്രേഷനും തിരിച്ചറിയൽ കാർഡും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ടുകൊണ്ടുള്ള ആവാസ് പദ്ധതിയിലൂടെ യുള്ള രജിസ്ട്രേഷൻ തുടർന്ന് വരുകയാണ്. 07.03.2022 വരെ അഞ്ച് ലക്ഷത്തി പതിമൂവായിരത്തി മുന്നൂറ്റി അമ്പത്തിയൊമ്പത് (5,13,359) തൊഴിലാളികളെ രജിസ്റ്റർ ചെയ്ത് കാർഡ് വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ